"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ഹരിത കേരളം മിഷൻ - ഹരിത സഹായ സ്ഥാപനങ്ങൾക്ക് നടത്തിപ്പ് തുക നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2523/2022/LSGD തീയതി,തിരുവനന്തപുരം, 19-10-2022

---

പരാമർശം:-
1. 15.07.2017-ലെ സ.ഉ (സാധാ )നം .2420/2017/തസ്വഭവ നമ്പർ ഉത്തരവ്.
2. 09.02.2018 -ലെ സ.ഉ (സാധാ )നം .407 /2018 /തസ്വഭവ നമ്പർ ഉത്തരവ്.
3. 23.08.2022 ലെ നവ കേരളം കർമ്മ പദ്ധതി കോർഡിനേറ്ററുടെ NKP/A2/1349/HKM/2017 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുസ്ഥിരപ്പെടുത്തുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി ഈ മേഖലയിൽ മുൻപരിചയവും സാങ്കേതിക പരിജ്ഞാനവുമുള്ള സ്ഥാപനങ്ങളെ നിയമിക്കണമെന്ന് പരാമർശം 1 ,2 ഉത്തരവ് പ്രകാരം തീരുമാനിക്കുകയും ആയതു പ്രകാരം ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ വഴി ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് അവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിരുന്നു.

2. പരാമർശം 2-ലെ ഉത്തരവിൽ ആദ്യ രണ്ടു വർഷം ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള നടത്തിപ്പ് തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതുണ്ടെന്നും എന്നാൽ ആദ്യവർഷത്തെ പ്രവർത്തനം, റിവ്യൂ ചെയ്ത ശേഷമായിരിക്കും രണ്ടാം വർഷം ചുമതല തുടർന്ന് നൽകുന്നതെന്നും ഈ കാലയളവിനുള്ളിൽ ഹരിത കർമ്മസേന സ്വയം പ്രവർത്തനശേഷി കൈവരിക്കുന്നതിനാൽ തുടർന്ന് ഈ ആവശ്യങ്ങൾക്ക് ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം ആവശ്യമായി വരില്ല എന്നതുകൊണ്ട് രണ്ടു വർഷത്തിനുശേഷം ഒരു കാരണവശാലും ഇവർക്ക് തുക അനുവദിക്കാൻ പാടില്ലായെന്നും ടി തുക ഹരിത കേരള മിഷൻ പ്രൊജെക്ടുകൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും വകയിരുത്തേണ്ട തുകയിൽ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശിച്ചുകൊണ്ട് അനുമതി നല്കിയിരുന്നു .

3. എന്നാൽ 2018 -ലേയും 2019-ലേയും പ്രളയവും കോവിഡ്-19 മൂലമുണ്ടായ പ്രശ്നങ്ങൾക്കുമിടയിൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും ഇതോടൊപ്പം ഖരമാലിന്യങ്ങൾക്ക് പുറമേ ദ്രവമാലിന്യങ്ങളുടെ ശുദ്ധീകരണവും ആരംഭിക്കുകയും ചെയ്തുവെന്നും

ശുചിത്വപദവി ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് നിലനിർത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സമ്പൂർണ്ണ ശുചിത്വപദവിയിൽ എത്തിക്കുക എന്ന അടുത്ത ലക്ഷ്യപൂർത്തീകരണത്തിനും ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം തീർച്ചയായും സഹായകരമായിരിക്കുമെന്നും നവ കേരളം കർമ്മ പദ്ധതി കോർഡിനേറ്റർ പരാമർശം 3-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ആവശ്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള നടത്തിപ്പ് തുക പരാമാവധി അടുത്ത രണ്ട് വർഷത്തേയ്ക്കുകൂടി നൽകുന്നതിനുള്ള അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരള മിഷൻ.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ ) വകുപ്പ് .
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ .
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ.
ഡയറക്ടർ, അമൃത്.
മാനേജിംഗ് ഡയറക്ടർ, ഇംപാക്ട് കേരള .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) (ഓഡിറ്റ് )/ ഓഡിറ്റ് ), കേരളം
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ (റൂറൽ) ഡയറക്ടർ മുഖേന .
എല്ലാ കോർപറേഷൻ / മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ (അർബൻ ) ഡയറക്ടർ മുഖേന ).
മാനേജിങ് ഡയറക്ടർ , ക്ലീൻ കേരള കമ്പനി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ .
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ -യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്